# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3089 — 13.07.2015-ൽ മറുപടിയ്ക്ക്

### കാവുസംരക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) **സംസ്ഥാനത്തെ കാവു സംരക്ഷണ** പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ? | എ) 12.09.2013-ലെ ജി.ഒ (ആർ.റ്റി) നം.354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ല യിൽനിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്രപരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും, ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവു സംരക്ഷണ പദ്ധതിയുടെ തിരഞ്ഞെടുത്ത സംസ്ഥാനതല വിദഗ്ധസമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതി യുടെയും ആയതിലെ ജൈവ വൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാന ത്തിൽ യോഗ്യമായ അഞ്ച് കാവുകൾ വീതം ഓരോ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കു കയും, തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ടി കാവുകളുടെ ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോപ്ലാനിന്റെ അംഗീകാരത്തിന |

| | |
|---|---|
| | വിധേയമായി ട്ടുമാണ് ധനസഹായം നൽകി വരു ന്നത്. |
| | കേരള സർക്കാരിന്റെ സി.ബി.ഡി. ഫണ്ടിൽനിന്നും കാവ് സംരക്ഷണ പദ്ധതിക്ക് 2010-11 വർഷം മുതൽ 2014-15 വർഷംവരെ ചെലവാക്കിയ തുകയും തുക വിതരണം ചെയ്ത കാവുകളുടെ ആകെ എണ്ണവും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക (ലക്ഷത്തിൽ | കാവുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 65.5 | 33.607 | 146 |
| 2 | 2011-12 | 45.10 | 30.396 | 174 |
| 3 | 2012-13 | 39.25 | 28.55 | 166 |
| 4 | 2013-14 | 53.70 | 28.758 | 130 (62 പുതി കാവ്, 68 മുൻകാലങ്ങളിൽ ദീർഘകാല സംരക്ഷണത്തിന് തിരഞ്ഞെടുത്തത്) |
| 5 | 2014-15 | 48.13 | 22.02 | |

| | |
|---|---|
| ബി) കാവും കുളവും സംരക്ഷിക്കുന്നത് സംബന്ധിച്ച് വനവും പരിസ്ഥിതിയും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | ബി) കേരളത്തിലെ കാവുകളുടെയും കാവുകളുടെ ഉള്ളിലുള്ള കുളങ്ങളുടേയും സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും, ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവുസംരക്ഷണ പദ്ധതിയുടെ തിഞ്ഞെടുത്ത വിദഗ്ധസമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെയും ആയതിലെ ജൈവ |

വൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാനത്തിൽ, യോഗ്യമായ കാവുകൾ തെരഞ്ഞെടുക്കുകയും, തെരഞ്ഞെടുക്കപ്പെട്ട കാവുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുകയും ചെയ്യുന്നു.

1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക.
2. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക. ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക. പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
3. സംരക്ഷണത്തിനായി കാവിനു ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.
4. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

| | |
|---|---|
| സി) ഈ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ആരെന്ന് വ്യക്തമാക്കാമോ? ഇതിന്റെ ചുമതല വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വെളിപ്പെടുത്താമോ? | സി) ഈ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള നിർവ്വഹണ ചുമതല വഹിക്കുന്നത് ഓരോ ജില്ലയിലേയും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ്. |

സെക്ഷൻ ഓഫീസർ